പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2810      10.12. 2014 ൽ മറുപടിക്ക്.

അന്യ സംസ്ഥാന തൊഴിലാളികൾക്കായി ക്ഷേമനിധി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ :<br>ശ്രീ. എം. എ. വാഹീദ് :<br>ശ്രീ. പി. സി. വിഷ്ണുനാഥ് :<br>ശ്രീ. റ്റി. എൻ. പ്രതാപൻ: | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) അന്യ സംസ്ഥാന തൊഴിലാളികൾക്കായി ക്ഷേമനിധി പദ്ധതി നിലവിലുണ്ടോയെന്നും, ഉണ്ടെങ്കിൽ ഇതിന്റെ പോരായ്മകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോയെന്നും വിശദമാക്കുമോ; | (എ) ഉണ്ട്. അന്തർ സംസ്ഥാന തൊഴിലാളികൾ പദ്ധതിയിൽ സ്വമേധയാ അംഗത്വമെടുക്കാൻ തയ്യാറാവാത്തതിനാൽ മുഴുവൻ തൊഴിലാളികളേയും പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ സാധിച്ചിട്ടില്ല. ആയതിനാൽ പദ്ധതിയിൽ അംഗമാകാത്ത തൊഴിലാളികൾക്ക് പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ കഴിയാതെ വരുന്നു. |
| (ബി) അന്യ സംസ്ഥാന തൊഴിലാളി കൾ ഔദ്യോഗിക രേഖകൾ പ്രകാരം എത്രയെന്ന് വിശദമാക്കുമോ; | (ബി) തൊഴിൽ വകുപ്പിന് വേണ്ടി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ നടത്തിയ സർവ്വേയിൽ 25 ലക്ഷത്തിൽപ്പരം അന്യ സംസ്ഥാന തൊഴിലാളികൾ കേരളത്തിൽ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. ഇവരിൽ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വെൽഫെയർ ഫണ്ട് ബോർഡിൽ 47264 (2014 ഒക്ടോബർ 31 വരെ ) അന്യസംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

(സി) ഇവർക്കാവശ്യമായ ജോലി സാഹചര്യങ്ങൾ, നിയന്ത്രണം, എന്നിവ സർക്കാരിന്റെ നിയന്ത്രണത്തിലാക്കാൻ എന്തൊക്ക നടപടികൾ സ്വീകരിക്കുന്നുവെന്ന് വിശദമാക്കുമോ?

(സി) ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്ട് 1979 പ്രകാരം അന്യ സംസ്ഥാന തൊഴിലാളികളെക്കൊണ്ട് ജോലി ചെയ്യിപ്പിക്കുന്നതിന് ആവശ്യമായ രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ തൊഴിലുടമയേയും കരാറുകാരനേയും കൊണ്ട് നിർബന്ധമായും എടുപ്പിച്ച് തൊഴിലാളികൾക്ക് നിയമാനുസൃതം നൽകേണ്ടതായ എല്ലാ സൗകര്യങ്ങളും പരിരക്ഷയും ഉറപ്പ് വരുത്തുന്നതിന് ഉദ്യോഗസ്ഥന്മാർ പരിശോധന വേളയിൽ ശ്രദ്ധിക്കുന്നുണ്ട്. അന്യ സംസ്ഥാന തൊഴിലാളികൾ കൂട്ടമായി ജോലി ചെയ്യുന്നിടത്തും അവരുടെ താമസസ്ഥലങ്ങളിലും തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥന്മാർ പരിശോധന നടത്തുകയും ഇവർക്ക് നിയമാനുസൃതമായ താമസസൗകര്യം, വേതനം, സുരക്ഷാ ഉപകരണങ്ങൾ മുതലായ പരിരക്ഷകൾ തൊഴിലുടമയിൽ നിന്നും കരാറുകാരനിൽനിന്നും ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നു. റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർ, ജില്ലാ ലേബർ ഓഫീസർമാർ, അസിസ്റ്റന്റ് ലേബർ ഓഫീസർമാർ എന്നീ ഓഫീസർമാരുടെ നേതൃത്വത്തിൽ നടത്തുന്ന പരിശോധനകളിൽ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട്, ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സ് ആക്ട് എന്നീ നിയമങ്ങൾ പ്രകാരം കണ്ടെത്തുന്ന തൊഴിൽ നിയമലംഘനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ആഫീസർ.